"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പുനലൂർ മുനിസിപ്പാലിറ്റിയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സജീവ്കുമാർ.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1227/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1643/2023/LSGD തീയതി,തിരുവനന്തപുരം, 11-08-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.സജീവ്കുമാർ.എസ്, സർക്കാരിൽ സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ10 )
3. ശ്രീ.സജീവ്കുമാർ.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1227/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2023 തീയതിയിലെ LSGD/PD/48672/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയം ഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി പുനലൂർ മുനിസിപ്പാലിറ്റിയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സജീവ്കുമാർ.എസ് സർക്കാരിൽ സമർപ്പിച്ച പരാമർശം 2 അപ്പീൽ അപേക്ഷ (അനക്ഷർ എ10) പ്രകാരം, ടിയാളെ തൃശ്ശൂർ കോർപറേഷനിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് പുന:പരിശോധിച്ച്, തിരുവനന്തപുരം ജില്ലയിലേക്ക് പരിഗണിക്കുകയോ അല്ലാത്ത പക്ഷം നിലവിലുള്ള സ്ഥലത്തു നിലനിർത്തി ദിവസവും വീട്ടിൽ പോയി വരുന്നതിനുള്ള സാഹചര്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.സജീവ്കുമാർ.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1227/2023 നമ്പർ കേസിലെ 07.07.2023 തീയതിയിൽ ചുവടേ ചേർക്കുംപ്രകാരം ഉത്തരവായിരുന്നു,

"...........Therefore, the Original Application is hereby disposed of with a direction to the first respondent to consider and pass orders on Annexure A10 appeal ,after hearing the applicant and the persons who are likely to be affected , within a period of six weeks from the date of

receipt of a copy of this order. In the meanwhile , the respondents 1 and 2 shall consider whether the applicant can be accommodated anywhere near Thiruvananthapuram so that the applicant can look after his mother ,who is having mental disability coupled with loco motor disability. This shall be looked into at the earliest."

2. ശ്രീ.സജീവ്കുമാർ.എസ്, സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം, തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടറുടെ DUA/6028/2022-E5 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന ടിയാളെ കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലേക്ക് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നിയമനം നൽകി നിയമിച്ചിട്ടുള്ളതും അതനുസരിച്ച് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ് എന്നും തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ മാതാവിന്റെ ചികിത്സാർത്ഥം ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, നെടുമങ്ങാട് മുനിസിപ്പാലിറ്റി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേക്ക് ട്രാൻസ്ഫറിന് അപേക്ഷ നൽകുകയുണ്ടായതായും, 20 ന് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ COMPASSIONATE GROUND, 8 പരിഗണിക്കാതെ, 03/06/23 (1) പ്രസിദ്ധീകരിച്ച ഫൈനൽ ലിസ്റ്റിൽ COMPASSIONATE അപേക്ഷകരുടെ ലിസ്റ്റിൽ 11 ആയി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും അറിയിക്കുന്നു. എന്നാൽ 03.07.2023-ൽ പ്രസിദ്ധീകരിച്ച ഫൈനൽ ലിസ്റ്റിൽ, ടീയാൾ ആവശ്യപ്പെട്ട തിരുവനന്തപുരം നഗരസഭയിൽ പരിഗണിച്ചില്ലെന്നു മാത്രമല്ല നിലവിൽ ജോലി ചെയ്യുന്ന പുനലൂർ നഗരസഭയിൽ നിന്നും വളരെ ദൂരമായ തൃശ്ശൂർ കോർപറേഷനിലേക്കു മാറ്റിയതായും, ടീയാളുടെ മാതാവ് ശ്രീമതി.എസിസ്റ്റി, നിലവിൽ PSYCHIATRIC NEUROPATHY OSTEORTHRITIS ചികിത്സയിലും പരസഹായമില്ലാതെ നടക്കാൻ പോലും കഴിയാത്ത അവസ്ഥയിലുമാണ് എന്നും മറ്റാരും മാതാവിന്റെ സഹായത്തിനില്ലായെന്നും നിലവിൽ ടീയാൾ വീട്ടിൽ നിന്നും ദിവസവും 120 കിലോമീറ്റർ ബസ് മാർഗ്ഗം യാത്ര ചെയ്താണ് ജോലിക്ക് പോകുന്നതും തിരികെ വീട്ടിൽ വരുന്നതുമെന്നും അറിയിക്കുന്നു. ടി സാഹചര്യത്തിൽ തൃശ്ശൂർ കോർപ്പറേഷനിലേക്കുള്ള സ്ഥലംമാറ്റം ടീയാളുടെ മാതാവിന്റെ ചികിത്സയെ ബാധിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുമെന്നതിനാൽ നിലവിലെ സ്റ്റേഷനിൽ 3 മാസം മാത്രം സർവീസുള്ള ടീയാളെ ടി സ്റ്റേഷനിൽ നിന്നും ടീയാൾ ആവശ്യപ്പെട്ട തിരുവനന്തപുരം ജില്ലയിലേക്ക് പരിഗണിക്കുകയോ അല്ലാത്ത പക്ഷം നിലവിലുള്ള സ്ഥലത്തു നിലനിർത്തി ദിവസവും വീട്ടിൽ പോയി വരുന്നതിനുള്ള സാഹചര്യം അനുവദിച്ചു നൽകണമെന്നും അപേക്ഷിച്ചിരുന്നു.

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം, ശ്രീ.സജീവ്കുമാർ.എസ്,-നെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 04.08.2023-തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ടീയാൾ നേരിൽ കേട്ട സമയത്തും ഉന്നയിച്ചിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടറുടെ 01/02/2023 തീയതിയിലെ DUA/6028/2022-E5 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.സജീവ് കുമാർ.എസ്-നെ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2) തിരുവനന്തപുരം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലേക്ക് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകി

നിയമിച്ചിരുന്നതായും, ടി ഉത്തരവിൽ ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലംമാറ്റ ക്യൂ ലിസ്റ്റ് പ്രകാരം പുനഃപരിശോധനക്ക് വിധേയമായിരിക്കുമെന്ന് പരാമർശിച്ചിരുന്നതായും അറിയിക്കുന്നു. 2023 ലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിൽ ജൂനിയർ കംപൽസറിയായിട്ടാണ് ടിയാനെ തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത് എന്നും തിരുവനന്തപുരം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിനുള്ള അന്തിമ ക്യൂ ലിസ്റ്റിൽ ടിയാൻ 39-ാമതായും, അനുകമ്പാർഹമായവരുടെ ലിസ്റ്റിൽ 11-ാമതായുമാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നും നിലവിലുള്ള ഒഴിവുകൾ അനുസരിച്ച് അനുകമ്പാർഹരുൾപ്പെടെ 14 പേർക്കാണ് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളത് എന്നും ആയതിൽ അനുകമ്പാർഹമായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാൾക്ക് മാത്രമാണ് ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളത് എന്നും അറിയിക്കുന്നു. ടിയാളുടെ മാതാവിന്റെ അസുഖം അനുകമ്പപൂർവ്വം പരിഗണിക്കുകയും കംപാഷണേറ്റ് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും പൊതുസ്ഥലംമാറ്റ ക്യൂ ലിസ്റ്റ് പ്രകാരം ശ്രീ.സജീവ്.എസ് -ന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ആവശ്യമായ ഒഴിവുകൾ ജില്ലയിൽ ഉണ്ടാകാത്തതിനാലാണ് ടിയാന് ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കാതെ വന്നതെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5.സർക്കാർ ഇക്കാര്യം ശ്രീ.സജീവ് കുമാർ.എസ് സമർപ്പിച്ച അപ്പീൽ അപേക്ഷ, നേരിൽ കേട്ട സമയത്തെ വാദങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ശ്രീ.സജീവ് കുമാർ.എസ്-ന്സ്ഥലം മാറ്റം നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് ചട്ടപ്രകാരമാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീ.സജീവ് കുമാർ.എസ്- ന്റെ അനക്ഷ്വർ എ10 അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പരിഗണനാർഹമല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ഒ.എ.1227/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)
ശ്രീ.സജീവ് കുമാർ.എസ്, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 പുനലൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-08-2023 16:59:32
സെക്ഷൻ ഓഫീസർ